**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1010** **27-07-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന കാർഷിക മേഖലാ വളർച്ച**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ കാർഷിക മേഖലയുടെ കഴിഞ്ഞ 5 വർഷത്തെ വളർച്ച സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) | സാമ്പത്തിക സ്ഥിതിവിവര വകുപ്പിന്റെ കണക്കുകൾ പ്രകാരം കാർഷിക അനുബന്ധ മേഖലകളിലെ (കൃഷി, കന്നുകാലി, വനവിഭവം, മത്സ്യബന്ധനം) വാർഷിക വളർച്ചാനിരക്ക് (ജി.എസ്.വി.എ 2011-12ലെ സ്ഥിര വില അനുസരിച്ച്) 2013-14ൽ (-)6.31 ശതമാനവും, 2014-15ൽ 0.02 ശതമാനവും, 2015-16ൽ (-)5.10 ശതമാനവും 2016-17ൽ (-)0.65 ശതമാനവും ആയിരുന്നു. 2017-18 -ൽ കാർഷികമേഖലയിൽ 2.11 ശതമാനം വളർച്ച രേഖപ്പെടുത്തിയെങ്കിലും 2018-19 ൽ (-)2.38 ശതമാനമായും 2019-20ൽ (-)6.62 ശതമാനമായും വളർച്ച കുറഞ്ഞു. 2018-19 ൽ മത്സ്യബന്ധന, വനവിഭവ മേഖലകളിൽ കൂടിയ വളർച്ചാനിരക്ക് രേഖപ്പെടുത്തി. ഇത് യഥാക്രമം 6.55 ശതമാനവും 0.54 ശതമാനവുമായിരുന്നു. എന്നാൽ മറ്റ് മേഖലകളിൽ കുറഞ്ഞ വളർച്ചാ നിരക്കാണ് പ്രകടിപ്പിച്ചത്. 2019-20 ൽ എല്ലാ മേഖലകളിലും കുറഞ്ഞ വളർച്ചാനിരക്ക് രേഖപ്പെടുത്തി. എസ്.ഡി.ജി ഇന്ത്യ ഇൻഡക്സ് 2019 പ്രകാരം സംസ്ഥാനത്തിന്റെ മൊത്തം മൂല്യ വർദ്ധനവിൽ (ജി.എസ്.വി.എ) കാർഷിക അനുബന്ധ മേഖലയുടെ വിഹിതം ചെറുതാണെങ്കിലും മൊത്തം മൂല്യവർദ്ധനവിൽ ഒരു തൊഴിലാളിയ്ക്ക് ലഭിക്കുന്ന പങ്കിന്റെ കണക്കിൽ കേരളം ഇന്ത്യയിൽ മൂന്നാം സ്ഥാനത്താണ്. സംസ്ഥാനത്തിന്റെ മൊത്തം മൂല്യവർദ്ധനവിൽ ഒരു തൊഴിലാളിയ്ക്ക് ലഭിക്കുന്ന പങ്ക് 2.19 ലക്ഷം രൂപയാണ്. സംസ്ഥാനത്തിന്റെ മൊത്തം ജി.എസ്.വി.എയിൽ (2011-12ലെ സ്ഥിര വിലയനുസരിച്ച്) കാർഷിക അനുബന്ധ മേഖലയുടെ വിഹിതം 2013-14ൽ 12.37 ആയിരുന്നത് കുറഞ്ഞ് 2019-20ൽ 8.03 ശതമാനമായി. പ്രകൃതിക്ഷോഭങ്ങളും വിലയിലുണ്ടാകുന്ന വ്യതിയാനങ്ങളും കാർഷിക മേഖലയുടെ പ്രകടനത്തെ ബാധിക്കുന്നുണ്ട്. 2018ലും |

2019ലും ഉണ്ടായ വെള്ളപ്പൊക്കവും, തീവ്രമഴയും, മലയിടിച്ചിലും പോലുള്ള പ്രകൃതിക്ഷോഭങ്ങൾ കാർഷിക അനുബന്ധ മേഖലയ്ക്ക് വൻ നഷ്ടങ്ങളാണ് വരുത്തിയത്. സംസ്ഥാനത്തിന്റെ കൃഷി സ്ഥല വിസ്തൃതി അനുസരിച്ച് കൃഷിയിടങ്ങളുടെ എണ്ണം 2010-11ൽ 68,31,000 ആയിരുന്നു. ഇത് 2015-16 ഓടെ 11 ശതമാനം വർദ്ധിച്ച് 75,83,000 ആയി. പ്രതിശീർഷ ഭൂലഭ്യത 2010-11ൽ 0.22 ഹെക്ടറായിരുന്നത് 2015-16-ൽ 0.18 ഹെക്ടറായി കുറഞ്ഞു. കഴിഞ്ഞ പത്തു വർഷക്കാലത്തെ സംസ്ഥാനത്തെ നെൽകൃഷിയുടെ കണക്കുകൾ താരതമ്യം ചെയ്യുമ്പോൾ നെൽകൃഷിയുടെ വിസ്തൃതി കുറയുകയാണ് ചെയ്യുന്നത്. എന്നാൽ 2012-13, 2016-17, 2017-18 വർഷങ്ങളൊഴികെ മറ്റെല്ലാ വർഷങ്ങളിലും നെല്ലുൽപ്പാദനത്തിൽ വർദ്ധനവ് രേഖപ്പെടുത്തി. കഴിഞ്ഞ വർഷങ്ങളിൽ സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനത്തിന്റെ ആക്കം കൂടിയിട്ടുണ്ട്. 2018-19 മായി താരതമ്യം ചെയ്യുമ്പോൾ കൃഷി വിസ്തൃതിയിൽ 17 ശതമാനത്തിന്റെയും ഉല്പാദനത്തിൽ 23 ശതമാനത്തിന്റെയും വളർച്ച രേഖപ്പെടുത്തി. കൃഷി വകുപ്പ്, വി.എഫ്.പി.സി.കെ, കേരള സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, തദ്ദേശ സ്വയംഭരണ വകുപ്പ്, കുടുംബശ്രീ എന്നീ വകുപ്പുകൾ നടപ്പാക്കിയ പച്ചക്കറി വികസന പരിപാടികൾ സംസ്ഥാനത്തെ പച്ചക്കറി കൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിന് കാരണമായി. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി, ഗ്രേഡഡ്, സ്റ്റാഗേർഡ്, അർബൻ എന്നിങ്ങനെയുള്ള പച്ചക്കറി ക്ലസ്റ്ററുകൾ വഴിയുള്ള കൃഷി, സ്ഥാപനങ്ങളിലെ കൃഷി, മഴമറകൃഷി, ചെറുകിട ജലസേചനം, ജലസേചനത്തിലൂടെ വളം നൽകൽ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെയാണ് 2019-20ൽ സംസ്ഥാനത്ത് പച്ചക്കറികൃഷി പ്രോൽസാഹിപ്പിച്ചത്. ഉത്തമ കൃഷി മുറകളിലൂടെ സുരക്ഷിത ഭക്ഷണത്തിനായുള്ള പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പാതയിലാണ് സംസ്ഥാനം. ക്ലസ്റ്റർ അടിസ്ഥാനത്തിൽ ജൈവഗ്രാമം പദ്ധതി വഴി ജൈവകൃഷി പ്രോൽസാഹിപ്പിക്കുന്നതിൽ കൃഷിവകുപ്പ്, വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ എന്നീ സ്ഥാപനങ്ങൾ പ്രധാന പങ്ക് വഹിച്ചു. 2019-20 കാലയളവിൽ ജൈവ ക്ലസ്റ്റർ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 5,000 ഹെക്ടർ പ്രദേശത്ത് 200 ഉത്തമ കൃഷിമുറ ക്ലസ്റ്ററുകൾ രൂപീകരിച്ചു. ഒരു ക്ലസ്റ്റർ എന്നാൽ ഒന്നിച്ചു കിടക്കുന്ന 25 ഹെക്ടർ

| | | | |
|---|---|---|---|
| | | | ഭൂമിയിലാണ് കൃഷി നടത്തുക. സംസ്ഥാനത്ത് 64,095 ഹെക്ടറിൽ വ്യാപിച്ചുകിടക്കുന്ന 1,405 ഉത്തമ കൃഷി മുറ ക്ലസ്റ്ററുകൾ ഉണ്ട്. പ്രധാനമന്ത്രി കൃഷി വികാസ് യോജനയിലൂടെ സംസ്ഥാനത്ത് 619 ജൈവക്ലസ്റ്ററുകൾ മുഖേന 12,380ഹെക്ടർ പ്രദേശത്ത് ജൈവകൃഷി നടപ്പിലാക്കി. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഇക്കോഷോപ്പുകളിലൂടെ ജൈവ ഉൽപ്പന്നങ്ങളുടെ വിപണനം സുഗമമാക്കി. ഇതിൽ 11 ഇക്കോഷോപ്പുകൾ 2019-20 ൽ പുതുതായി സ്ഥാപിച്ചതാണ്. തെങ്ങ് കൃഷിയുടെ വിസ്തൃതിയിലും ഉല്പാദനത്തിലും കേരളം ഒന്നാമതാണ്. 2018-19ൽ തെങ്ങ് കൃഷിയുടെ വിസ്തൃതിയിലും ഉല്പാദനത്തിലും ഉല്പാദനക്ഷമതയിലും നേരിയ വർദ്ധനവ് രേഖപ്പെടുത്തിയെങ്കിലും 2019-20ൽ കൃഷി വിസ്തൃതിയും ഉല്പാദനവും ഉല്പാദനക്ഷമതയും കുറഞ്ഞു. സംസ്ഥാനത്ത് 7.61 ലക്ഷം ഹെക്ടറിൽ തെങ്ങ് കൃഷി ചെയ്യപ്പെടുന്നു. ഇത് സംസ്ഥാനത്തിന്റെ മൊത്തം കൃഷി വിസ്തൃതിയുടെ 29.3 ശതമാനമാണ്. കേരളത്തിന്റെ നാളികേര സമ്പത്ത് പുനരുജ്ജീവിപ്പിക്കുക എന്ന ലക്ഷ്യമിട്ട് 2018-19 മുതൽ നാളികേര മിഷൻ പ്രവർത്തിച്ചുവരുന്നു. 2019-20ൽ സംസ്ഥാനത്തെ കുരുമുളക് കൃഷിയുടെ വിസ്തൃതി 83,765 ഹെക്ടർ ആയിരുന്നു. കൃഷി വിസ്തൃതിയിൽ 2018-19നെ അപേക്ഷിച്ച് 1,004 ഹെക്ടറിന്റെ വർദ്ധനവാണ് രേഖപ്പെടുത്തിയത്. എന്നാൽ കുരുമുളകിന്റെ ഉല്പാദനത്തിലും ഉല്പാദനക്ഷമതയിലും യഥാക്രമം 6 ശതമാനത്തിന്റെയും 7.2 ശതമാനത്തിന്റെയും കുറവുണ്ടായി. ഉല്പാദനവും ഉല്പാദനക്ഷമതയും യഥാക്രമം 34,545 ടണ്ണും ഹെക്ടറിന് 412 കിലോഗ്രാമുമായിരുന്നു. |
| (ബി) | കോവിഡുൾപ്പെടെയുള്ള കാരണങ്ങളാൽ തളർന്ന കാർഷികമേഖലയെ സഹായിക്കുന്നതിന് പ്രാദേശിക കാർഷിക ഉല്പാദനങ്ങൾ കൂട്ടുതൽ വ്യാപിപ്പിച്ചു കാർഷിക മേഖലയ്ക്ക് സ്വയം പര്യാപ്തത ഉറപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | കോവിഡ്-19 മഹാമാരി കേരളത്തിന്റെ കാർഷികമേഖലയെ പലവിധത്തിൽ ബാധിച്ചു. അന്താരാഷ്ട്രവ്യാപാരത്തിന്റെ സ്വഭാവത്തെ സ്വാധീനിച്ചിരിക്കുന്ന കേരളത്തിലെ കയറ്റുമതി അധിഷ്ഠിത സുഗന്ധവ്യഞ്ജനങ്ങളിലും, തോട്ടങ്ങളിലും പ്രതികൂലമായ ആഘാതമുണ്ടാക്കി. കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ വിള ഉല്പാദന പദ്ധതികൾ, വിപണി വികസനം, മൂല്യവർദ്ധന പദ്ധതികൾ, വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ, കർഷകക്ഷേമ പദ്ധതികൾ എന്നിവയിൽ കേന്ദ്രീകരിക്കുന്നു. വിഭവങ്ങളുടെ കാര്യക്ഷമമായ പരിപാലനം കാലാവസ്ഥയ്ക്കനുയോജ്യമായ കൃഷി സമ്പ്രദായങ്ങൾ, നൂതന സാങ്കേതിക വിദ്യാധിഷ്ഠിത വികസനം എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടാണ് കാർഷിക വികസന പരിപാടികൾ ആവിഷ്കരിച്ചിരിക്കുന്നത്. |

കർഷകർക്ക് വരുമാന സുരക്ഷ നൽകുകയെന്ന ലക്ഷ്യത്തോടെ മൂല്യവർദ്ധനവിലൂടെ കാർഷിക മേഖലയുടെ വ്യവസായ അധിഷ്ഠിത വികസനം പ്രോൽസാഹിപ്പിക്കുന്നു. കാർഷിക വായ്പ സൗകര്യങ്ങൾ, വിള ഇൻഷുറൻസ് പരിരക്ഷ, വില സ്ഥിരതയ്ക്കുള്ള വിപണി ഇടപെടൽ, കർഷക പെൻഷൻ എന്നിവയാണ് സംസ്ഥാനം പിന്തുണയ്ക്കുന്ന മറ്റ് കർഷക സൗഹൃദ പരിപാടികൾ. പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, നെല്ല്, ചെറുധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ ഇവയുടെ ഉല്പാദനം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യത്തോടെയുള്ള പദ്ധതികളാണ് 2021-22ൽ നടപ്പിലാക്കുന്നത്. കൂടാതെ കേരഗ്രാമം പരിപാടിയിലൂടെ നാളികേരമേഖലയുടെ സമഗ്രവികസനം, ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനവും, വിതരണവും, ജനപങ്കാളിത്തത്തോടെയുള്ള സമഗ്ര തരിശുനില കൃഷി, നിലവിലുള്ള ലാബുകളുടെ ആധുനികവൽക്കരണം, വിപണനത്തിനായുള്ള സ്ഥാപന സംവിധാനം, വിജ്ഞാനവ്യാപനം ശക്തിപ്പെടുത്തൽ, ആത്മ പ്ലസ് മാതൃകയിലുള്ള വിജ്ഞാന വ്യാപനം, സുഗന്ധവിളകളുടെ പുനരുജ്ജീവനം, കാർഷിക ഉല്പാദനോപാധികളുടെയും ഉല്പന്നങ്ങളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും മണ്ണിന്റെ ആരോഗ്യ പരിപാലനത്തിനുമുള്ള പരിപാടികൾ, കീടരോഗ നിരീക്ഷണം ഉൾപ്പെടുന്ന വിള ആരോഗ്യ പരിപാലനം, ജൈവ കൃഷി പ്രോത്സാഹനം, സുരക്ഷിതവും ഭക്ഷ്യയോഗ്യവുമായ ഭക്ഷ്യ ഉല്പാദനം, വിള ഇൻഷുറൻസ്, മെച്ചപ്പെട്ട സേവന വിതരണത്തിനായി കാർഷിക സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുകയും നിലവിലുള്ളവ ശക്തിപ്പെടുത്തലും, കുരുമുളകിന്റെ പുനരുജ്ജീവനം, വയനാട് ജില്ലയിൽ കാർഷിക പ്രതിസന്ധി നേരിടുന്നതിനായി പ്രത്യേക പരിപാടികൾ എന്നിവയും ഉൾപ്പെടുത്തിയിരിക്കുന്നു. കോക്കനട്ട് മിഷനു കീഴിലുള്ള നാളികേര മേഖലയുടെ പുനരധിവാസം, കുട്ടനാട് കാർഷിക മേഖലയുടെ വികസനം, അടയ്ക്ക കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള അടയ്ക്ക പാക്കേജ്, വകുപ്പിന്റെ ഐടി അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ എന്നിവ 2021-22ൽ തുടരും. സംസ്ഥാനത്തൊട്ടാകെയുള്ള 5 കാർഷിക ആവാസവ്യവസ്ഥ സോണുകളും 23 കാർഷിക ആവാസവ്യവസ്ഥ യൂണിറ്റുകളും അടിസ്ഥാനമാക്കിയുള്ള പദ്ധതികൾ നടപ്പിലാക്കുക എന്നതാണ് 2021-22ലെ കൃഷി വകുപ്പിന്റെ പ്രധാന

സംരംഭങ്ങളിലൊന്ന്. കാർഷിക ആവാസ വ്യവസ്ഥ അധിഷ്ഠിത കൃഷിയിൽ കർഷകരിൽ അവബോധം സൃഷ്ടിക്കുന്നതിനായി കൃഷിപാഠശാലയും, നെൽ വയലുകൾക്കു പ്രകൃതിസംരക്ഷണത്തിൽ ഉള്ള പ്രാധാന്യം ഉൾക്കൊണ്ട് അവയെ സംരക്ഷിച്ച് നിലനിർത്തുന്നതിന് പ്രോത്സാഹനമായി നെൽ വയൽ ഉടമകൾക്ക് റോയൽറ്റി എന്നിവ നടപ്പാക്കുന്നതിന് കൃഷി വകുപ്പ് പദ്ധതി ലക്ഷ്യമിട്ടിട്ടുണ്ട്. 2021-22 വാർഷിക പദ്ധതിയിലെ മറ്റൊരു പ്രധാന മേഖലയാണ് സംസ്ഥാനത്തെ പഴമേഖലയുടെ വികസനം. 2020-21 മുതൽ 10 വർഷത്തേക്ക് ഘട്ടംഘട്ടമായാണ് ഈ സംയോജിത പരിപാടി നടപ്പിലാക്കുന്നത്. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, കേരള കാർഷിക സർവ്വകലാശാല, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ എന്നിവ നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ 2020-21 മുതൽ ഓരോ വർഷവും ഒരു കോടി ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കാൻ ലക്ഷ്യമിടുന്നു. നടീൽ വസ്തുക്കളുടെ ഉൽപാദനവും വിതരണവും, വിസ്തൃതി വികസിപ്പിക്കൽ, വിള പരിപാലനം, വിളവെടുപ്പിനുശേഷമുള്ള സംസ്കരണം, മൂല്യവർദ്ധനവ്, പഴങ്ങളുടെ ശീതീകരണ ശൃംഖല വികസനം എന്നിവയാണ് ഈ പദ്ധതിയിലൂടെ കേന്ദ്രീകരിക്കുന്ന പ്രവർത്തനങ്ങൾ. കോവിഡ്-19 പകർച്ചാവ്യാധി സംസ്ഥാനത്തിന്റെ കാർഷിക മേഖലയെ സാരമായി ബാധിച്ചു. തൊഴിലാളികളുടെയും യന്ത്രങ്ങളുടെയും കുറവും, വിതരണ ശൃംഖല തടസ്സപ്പെട്ടതും, ഉല്പന്ന ആവശ്യകതയുടെ വ്യതിയാനം മൂലം വിലയിലുണ്ടായ കുറവും കർഷകരിൽ അരക്ഷിതാവസ്ഥ വർദ്ധിപ്പിച്ചു. ഇത്തരം സാഹചര്യങ്ങൾ ഭാവിയിൽ തരണം ചെയ്യുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പവരുത്തുന്നതിനും സംസ്ഥാനം ഭക്ഷ്യവിള ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കേണ്ടതുണ്ട്. ഈ ലക്ഷ്യം മുൻനിർത്തി കൃഷിയുടെ വിസ്തൃതി വർദ്ധിപ്പിച്ചും നൂതന സാങ്കേതിക വിദ്യകൾ സ്വീകരിച്ചും ഭക്ഷ്യ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് സംസ്ഥാന സർക്കാർ 2020-21ൽ സുഭിക്ഷ കേരളം പരിപാടി ആരംഭിച്ചു. തരിശുഭൂമി കൃഷി, വീട്ടുവളപ്പിലെ കൃഷി, നിലവിലുള്ള കൃഷിയുടെ മെച്ചപ്പെടുത്തൽ, മെച്ചപ്പെട്ട വിപണിസൗകര്യങ്ങൾ, വിളവെടുപ്പിനുശേഷമുള്ള പരിപാലനത്തിലെ ഇടപെടലുകൾ എന്നീ പരിപാടികളിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഭക്ഷ്യവിളകളായ നെല്ല്, വാഴ, പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ, പയറുവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നീ വിളകളുടെ

വികസനമാണ് ലക്ഷ്യമിടുന്നത്. കാർഷിക വികസനകർഷകക്ഷേമവകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, മൃഗസംരക്ഷണവകുപ്പ്, സഹകരണ വകുപ്പ്, ജലസേചന വകുപ്പ്, കേരള കാർഷിക സർവ്വകലാശാല എന്നിവയുടെ ഏകോപനത്തോടെയാണ് സുഭിക്ഷ കേരളം പദ്ധതി നടപ്പിലാക്കുന്നത്. കേരളത്തിലെ കൃഷി കാലാവസ്ഥയെ വളരെയധികം ആശ്രയിച്ചിരിക്കുന്നതിനാൽ കാലാവസ്ഥയിലെ അനിശ്ചിതത്വം കൃഷി ഒരു നഷ്ടസാധ്യതയുള്ള സംരംഭമാക്കുന്നു. ഇത്തരത്തിൽ വിളകളുടെ ഉൽപാദനത്തിലുള്ള അനിശ്ചിതത്വം ഓരോ കർഷകനും നേരിടേണ്ടതായി വരുന്നു. വിള ഉല്പാദനത്തെ വരൾച്ച, വെള്ളപ്പൊക്കം, കീടരോഗങ്ങൾ എന്നിവയെല്ലാം ബാധിക്കുന്നതിനാൽ കർഷകർക്ക് സുസ്ഥിര വരുമാനം ലഭിക്കുന്നതിന് വിള ഇൻഷുറൻസ് മുഖ്യ പങ്ക് വഹിക്കുന്നുണ്ട്. പ്രധാന കാർഷിക വിളകളായ തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, അടയ്ക്ക, ഏലം, കശുമാവ്, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, പൈനാപ്പിൾ, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയറുവർഗ്ഗം, കിഴങ്ങുവർഗ്ഗം, കരിമ്പ്, പുകയില, നെല്ല്, മാവ്, ചെറുധാന്യങ്ങൾ എന്നിവയാണ് സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കേരള ഫാം ഫ്രഷ് പഴം പച്ചക്കറി-അടിസ്ഥാന വില എന്ന പദ്ധതി പ്രകാരം 16 ഇനം പഴം പച്ചക്കറികൾക്ക് അടിസ്ഥാനവില നിശ്ചയിച്ചു. പദ്ധതി 2020 നവംബർ 1 മുതൽ പ്രാബല്യത്തിൽ വന്നു. കർഷകർ AIMS പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്യുകയും ആനുകൂല്യം കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകിക്കൊണ്ടാണ്പദ്ധതി നടപ്പിലാക്കിയത്. 2020-21 വർഷത്തിൽ വിവിധ ജില്ലകളിൽ 2712 കർഷകർക്ക് 3.021 കോടി രൂപ നൽകുകയും ചെയ്തു. കൂടാതെ 2187 കർഷകർക്ക് 1.54 കോടി രൂപ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ വർഷം ഇതിനായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2018-ലെ വെള്ളപ്പൊക്കത്തിനുശേഷം, ഹരിതാഭവും മാറ്റങ്ങളെ ഉൾക്കൊള്ളാൻ കഴിയുന്നതുമായ കേരളം വികസിപ്പിക്കുന്നതിനായി ആരംഭിച്ച റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർകെഐ)യുടെ കീഴിൽ 432.147 കോടി രൂപയ്ക്ക് 13 പദ്ധതികളും മൂന്ന് പഠനങ്ങളും നടത്തുന്നതിനായി കാർഷിക വികസന കർഷകക്ഷേമ വകുപ്പിന് അനുമതി ലഭിച്ചു. അതിൽ 51.20563 കോടി രൂപ അനുവദിച്ചു. കേരള ലാന്റ്

| | | | |
|---|---|---|---|
| | | | ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ ദൗത്യം, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരള കാർഷിക സർവ്വകലാശാല, കേരള കാർഷിക വ്യവസായ കോർപ്പറേഷൻ എന്നിവയിലൂടെയാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്. നേരിയമംഗലം ജില്ലാ കൃഷി തോട്ടത്തിന്റെ സമഗ്രവികസനത്തിനായുള്ള സംയോജിത ഫാം മാനേജ്മെന്റ് (10.00 കോടി), കേരളത്തിലെ വിപണി ശൃംഖല ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതി (15.00 കോടി), ഇടുക്കി, വയനാട് ജില്ലകളിൽ സംയോജിത കൃഷിയിലൂടെ ഉപജീവനമാർഗ്ഗം വർദ്ധിപ്പിക്കുക (50.00 കോടി), കുട്ടനാട് ആവാസമേഖലയുടെ സുസ്ഥിര വികസനം (2.91 കോടി), യന്ത്രവൽകൃത കൃഷിയിലൂടെ വടക്കൻ കേരളത്തിലെ കൈപാട് ജൈവ തണ്ണീർത്തടങ്ങളുടെ വികസനം, നെല്ലിന്റെ ജനിതക ദ്രവ്യ സംരക്ഷണവും ജൈവ വൈവിധ്യാധിഷ്ഠിത കൃഷിയും (3.00 കോടി) ആതിരപ്പള്ളി ട്രൈബൽ വാലി കാർഷിക പദ്ധതി (7.917 കോടി), അട്ടപ്പാടി ഗോത്രവർഗ്ഗക്കാരുടെ സമഗ്രവും സുസ്ഥിരവുമായ കാർഷിക വികസനം, അമ്പലവയലിൽ പച്ചക്കറികളുടെയും പുഷ്പങ്ങളുടെയും മികവിന്റെ കേന്ദ്രം സ്ഥാപിക്കുക (4.00 കോടി), കൃഷി വകുപ്പിന്റെ ഇ-ഗവേണൻസ് ശക്തിപ്പെടുത്തുക (12.00 കോടി), ചെങ്ങന്നൂരിലെ സമൃദ്ധി-തരിശുരഹിത പദ്ധതി (10.00 കോടി), കാർഷിക സേവന കേന്ദ്രങ്ങളെയും കാർഷിക കർമ്മ സേനകളെയും ശക്തിപ്പെടുത്തി മേഖല തിരിച്ചുള്ള സേവന വിതരണത്തിനുള്ള പിന്തുണ (5.00 കോടി രൂപ), തൃശ്ശൂർ-പൊന്നാനി കോൾനിലങ്ങൾ, പാംബൂരിചാൽ പാടശേഖരം എന്നിവിടങ്ങളിലെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ (യഥാക്രമം 298.38 കോടി, 5 കോടി രൂപ) എന്നീ പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു. കൃഷി വകുപ്പിനും വി.എഫ്.പി.സി.കെ.യ്ക്കും പഠനങ്ങൾ നടത്തുന്നതിനായി 0.95 കോടി രൂപയും അനുവദിച്ചു. കാർഷിക ഉല്പാദനത്തിന് വായ്പ ഒരു പ്രധാന ഘടകമാണ്. കർഷകൻ സമയബന്ധിതവും മതിയായതുമായ വായ്പ ലഭ്യത ഉറപ്പു വരുത്തുന്നതിനായി ബാങ്കിംഗ് സംവിധാനം സംസ്ഥാന സർക്കാരുമായി ചേർന്ന് പ്രവർത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ